**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2566** | **01.04.2013 ൽ മറുപടിയ്ക്ക്**

**യുവജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ യുവജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | ഇതിനായി ഒരു പ്രത്യേക സംവിധാനം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) (സി) & (ഡി) | സംസ്ഥാനത്തെ യുവജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, യുവജനങ്ങളുടെ ഭൌതികവും സാംസ്കാരികവും സാഹിത്യപരവും, കലാ-കായികപരവും തൊഴിൽപരവുമായ പുരോഗതിയ്ക്കായി പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യത്തോടുകൂടി സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ൽ നിലവിൽ വന്നു. യുവജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ ലക്ഷ്യമാക്കി എല്ലാ ജില്ലകളിലും യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 14 ജില്ലാ യുവജനകേന്ദ്രങ്ങളും, യുവജനങ്ങളിൽ സാഹസികത വർദ്ധിപ്പിക്കുന്നതിനായി ഇടുക്കി ദേവികുളത്ത് ദേശീയ സാഹസിക അക്കാഡമിയും, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി ഉപകേന്ദ്രവും പ്രവർത്തിച്ചു വരുന്നു. കൂടാതെ |

യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായും യുവജനങ്ങളുടെ അവകാശസംരക്ഷണത്തിനായും ഒരു യുവജനകമ്മീഷൻ 2013 ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. കായികയുവജനകാര്യവകുപ്പ് നേരിട്ടും നെഹ്റു യുവകേന്ദ്രയുമായിച്ചേർന്നും യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഈ മൂന്ന് സംവിധാനങ്ങളും സംസ്ഥാനത്തെ യുവജന പ്രവർത്തനങ്ങൾക്ക് പര്യാപ്തമായതിനാൽ ഇനി ഒരു പ്രത്യേക സംവിധാനം കൊണ്ടുവരുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിവിധ വകുപ്പുകൾ നടത്തുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ പ്രസ്തുത സംവിധാനത്തിൻകീഴിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സെക്ഷൻ ഓഫീസർ